പരിശോധിച്ചിരുന്നു. കേരളത്തിൽ മരണകാരണം സ്ഥിരീകരിക്കുന്നത് WHO-യുടേയും ICMR-ന്റേയും മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചാണ്.

(ഡി) ആകെ മരണനിരക്ക് മുൻവർഷങ്ങളുമായി താരതമ്യം ചെയ്ത് പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ?

കേരളത്തിൽ നിലവിൽ കോവിഡ് മരണ നിരക്ക് 0.49 ശതമാനമാണ്. 2020-ലെ കേരളത്തിലെ മരണനിരക്ക് വിശകലനം ചെയ്തപ്പോൾ ഗണ്യമായ കുറവാണ് കാണാൻ സാധിച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സേവന രജിസ്ട്രേഷൻ പോർട്ടൽ പ്രകാരം 2019-ൽ ആകെ 2,64,155 മരണങ്ങൾ രേഖപ്പെടുത്തിയപ്പോൾ 2020-ൽ 2,43,248 മരണങ്ങളായി കുറഞ്ഞു. അതായത് 20,907 മരണങ്ങളുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. 2021 ജൂലൈ 22 വരെ ഇത് 1,33,937 ആണ്. കോവിഡ് കാലയളവിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ലോക രാജ്യങ്ങളിൽ മരണനിരക്ക് വളരെ ഉയർന്നു നിൽക്കുമ്പോൾ കേരളത്തിൽ അത് മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവാണ് എന്ന് മനസ്സിലാക്കാം.

പി.എസ്.സി. നിയമനം ത്വരിതപ്പെടുത്താൻ നടപടി

9(*128) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് പ്രകാരം പരമാവധി നിയമനം നടത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ;

&

(ബി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. ഇതിനാവശ്യമായ സത്വരനടപടികൾ സർക്കാരും നിയമനാധികാരികളും പബ്ലിക് സർവ്വീസ് കമ്മീഷനും സ്വീകരിക്കുന്നുണ്ട്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സീനിയോറിറ്റി തർക്കം, പ്രൊമോഷന് യോഗ്യരായവരുടെ അഭാവം, കോടതി കേസ്സുകൾ എന്നിവമൂലം റെഗുലർ പ്രൊമോഷനുകൾ തടസ്സപ്പെട്ട് എൻടി കേഡറിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത കേസ്സുകൾ കണ്ടെത്തി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പദ്ധ്യക്ഷന്മാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇക്കാര്യത്തിൽ വകുപ്പദ്ധ്യക്ഷന്മാർ സമിതിക്ക് റിപ്പോർട്ട് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി തർക്കം നിലനിൽക്കുന്ന കേസ്സുകളിൽ റെഗുലർ പ്രൊമോഷൻ സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കോടതി/ട്രൈബ്യൂണലിൽനിന്നും ഇടക്കാല ഉത്തരവുകൾ നൽകിയിട്ടുള്ള കേസ്സുകളിൽ താൽക്കാലിക പ്രൊമോഷൻ നടത്തി അതിന്റെ ഫലമായിവരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരു തസ്തികയിൽ പ്രൊമോഷൻ അനുവദിക്കുന്നതിന് ഒഴിവുകൾ നിലനിൽക്കുകയും എന്നാൽ പ്രൊമോഷൻ നൽകുന്നതിന് അർഹത/ യോഗ്യതയുള്ളവരുടെ അഭാവം നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ റാങ്ക് ലിസ്റ്റ് നിലവിലുള്ള കേഡറിലേയ്ക്ക് താൽക്കാലികമായി തരംതാഴ്ത്തി, അപ്രകാരമുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ഒഴിവുകളും കൃത്യതയോടെ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിവിധ ഓഫീസുകളിൽ പരിശോധന നടത്തുന്നുണ്ട്. ഇതിനുപുറമേ, ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ മേൽനോട്ട ചുമതലയിൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുൾപ്പെട്ട സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്ന വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും എതിരെ കർശനനടപടി സ്വീകരിക്കും. കാലാവധി അവസാനിക്കാറാകുന്ന റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്ക് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിന്റെ മേൽനോട്ടത്തിൽ വിവിധ വകുപ്പുകളിൽനിന്ന് വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്ക് സ്പെഷ്യൽ വേക്കൻസി റിപ്പോർട്ടിംഗ് ക്യാമ്പയിൻ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ പരമാവധി പേർക്ക് നിയമനം നൽകുന്നതിനായി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സർക്കാർ ശിപാർശകളുടെ അടിസ്ഥാനത്തിൽ പി.എസ്.സി. രണ്ട് തവണ താഴെപ്പറയുന്ന കാലയളവിൽ അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ചുനല്കിയിട്ടുണ്ട്. 20-3-2020 മുതൽ 18-6-2020 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 19-6-2020 വരെ മൂന്നുമാസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിരുന്നു. 5-2-2021 മുതൽ 3-8-2021 വരെയുള്ള കാലയളവിനുള്ളിൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. റാങ്ക് പട്ടികകളുടെ കാലാവധി 4-8-2021 വരെ ആറ് മാസത്തേയ്ക്കും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(ഡി) പബ്ലിക് സർവീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് പ്രകാരം പരമാവധി നിയമനം നടത്തുന്നതിനുള്ള തടസ്സങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നതിന് യാതൊരു തടസ്സവും നിലവിലില്ല.

കോവിഡ് മൂന്നാം തരംഗം

10(*129) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി ദെലീമ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി ജീവനും ജീവനോപാധിക്കും ഏറെ ഹാനി വരുത്തിയ സാഹചര്യത്തിൽ ആശങ്കപ്പെടുന്ന മൂന്നാം തരംഗം ഒഴിവാക്കുന്നതിനോ ആവശ്യം വന്നാൽ നേരിടുന്നതിനോ നടത്തുന്ന തയ്യാറെടുപ്പുകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

കോവിഡ് മൂന്നാം തരംഗം വരാനിടയുണ്ടെന്ന മുന്നറിയിപ്പുകളെത്തുടർന്ന് ഫലപ്രദമായി പ്രസ്തുത സാഹചര്യം നേരിടുന്നതിനുവേണ്ട മുൻകരുതലുകൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നു.